**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **06-10-2021 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറി കേസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മുട്ടിൽ മരംമുറി കേസുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ കണ്ടെത്തലുകൾ വിശദമാക്കുമോ; | (എ) | വയനാട് മുട്ടിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ ടീം നടത്തുന്ന അന്വേഷണം പുരോഗമി ക്കുകയാണ്.പ്രസ്തുത അന്വേഷണ ത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | അനധികൃതമായി കടത്തിയ വീട്ടിതടികൾ ചെക്പോസ്റ്റ് വഴി കടത്തിയതായും അത് തടയുന്നതിന് ജീവനക്കാർക്ക് വീഴ്ച സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്.സർക്കാരിലേക്ക് നിക്ഷിപ്ത മാക്കിയ വീട്ടിമരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക് പോസ്റ്റ് വഴി കടത്തികൊണ്ടു പോകാനിടയാക്കിയതുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവന ക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും, ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ1-3896/2021 തീയതി 28.06.2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. ഇവർക്ക് കുറ്റപത്രവും കുറ്റരോപണ പത്രികയും നല്കുകയും ആയതിനുള്ള മറുപടി ഇവർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇപ്രകാരം എത്രമാത്രം തടികൾ കടത്തിയതായാണ് കണക്കാക്കുന്നതെന്നും മറ്റേതെല്ലാം തടികളാണ് അനധികൃതമായി മുറിച്ച് കടത്തിയതെന്നും വിശദമാക്കുമോ? | (സി) | മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സംഘം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വയനാട് ജില്ലയിൽ നിന്നും മുറിച്ചു കടത്തിയ മരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. 1. ആകെ മുറിച്ച തേക്ക് മരങ്ങൾ 86 എണ്ണം, വ്യാപ്തം - 23.76 M3 2. ആകെ മുറിച്ച ഈട്ടി മരങ്ങൾ 109 എണ്ണം, വ്യാപ്തം - 238.707 M3 3. ആകെ മുറിച്ച തേക്ക് & ഈട്ടി മരങ്ങൾ 195 എണ്ണം, വ്യാപ്തം - 262.467 M3 |

സെക്ഷൻ ഓഫീസർ